


# വർണ്ണചെപ്പ്



# ആമുഖം

വെച്ചൂർ ഗവ.ദേവീവിലാസം ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിമിതമായ സമയം കൊണ്ട് തയ്യാറാക്കിയ E-മാഗസിൻ ഉള്ളടക്കത്താൽ അത്ര സമ്പന്നമല്ലെങ്കിലും ഇതിനെ മികവുറ്റതാക്കാനുള്ള പരിശ്രമം  അവരുടെ ആത്മാർത്ഥതയുടെതെളിവാണ്.ജീവിതത്തിന്റെ നാനാവർണങ്ങൾ ഭാവനയുടെ നിറക്കൂട്ടിൽ ചാലിച്ച് ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു........

ചീഫ് എഡിറ്റർ

## പത്രാധിപ സമിതി

വിജയലക്ഷ്മി.ആർ[HSA mal]

ഗീതാദേവി.ജെ [HSA eng]

KV ശോഭന [HSA Maths,IT Co-ordinator]

## ഉപസമിതി

അഞ്ജന.പി.എസ്

ആർദ്ര പി യു

അലീന ബിജു

സുചിത്ര

നന്ദിനി ശേഖർ

## ഉള്ളടക്കം

കവിത.........5
കഥ.........6
കവിത.........9
യാത്രാവിവരണം.........10
കവിത.........12
തേൻമൊഴി മലയാളം.........14
കഥ.........16
കവിത.........19

കവിത

# മാനവ നക്ഷത്രം



മാനത്തെ ചന്ദ്രക്കലയുടെ
മകുടത്തിൽ മരതകമായ്
മണ്ണിൽ നിന്നുദിച്ചുയർന്നൊരു
മാനവ നക്ഷത്രം

ഞങ്ങടെ ഇക്കയെന്നൊരു ദിവ്യനക്ഷത്രം
സേവന പാരിൽ തണൽ വിരിച്ചൊരു നന്മവടവൃക്ഷം 2

നിൻമധുരം ഊകും മൊഴിയഴകിൽ .. ...... .... .. . ... .
നിൻഹൃദയം കവരും മിഴിയഴകിൽ 2
സ്നേഹം തെളിയും നിന്നുടെ മുഖവും
ദാനം ചെയ്യും നിന്നുടെ കരവും
മറക്കില്ലിനി മറക്കില്ലിനി
ഞങ്ങളൊരുനാളും
(മാനത്തെ.....)

കാലം വാഴ്ത്തും നിന്നഴകിൽ
നിൻപാദം പുണരും മൺതരിയിൽ (2 )
സ്മരണകൾ വിരിയും ഈ നാട്ടിൽ
നറുഗന്ധം ഊകും നിൻ സ്മൃതികൾ

മറക്കില്ലിനി മറക്കില്ലിനി
ഞങ്ങളൊരുനാളും

അരുൺ .വി.എസ്,

കഥ

# വർണത്തിളപ്പിന്റെ ലോകത്ത് ഒറ്റപ്പെട്ടുപോയ ഒരു പെൺകുട്ടി

ജീവിതത്തിൽ ഒരു വർണ്ണാകാശമായി കൽപ്പിക്കുന്ന ഓരോരുത്തരും മനസ്സിലാക്കേണ്ടത്, അതിലൂടെ പാഞ്ഞുപോകുന്ന ഓരോ കിളികളും തീഗോളങ്ങളും ഉൾപ്പെടെ പലതും നമ്മെ ആകർഷിച്ചേക്കാം . ആ ആകർഷണവലയം പൊട്ടിച്ചെറിയാനും നാം തയ്യാറാകണം .

കുറ്റബോധത്തന്റെ നിഴൽ അവളെ തഴുകി തളർന്ന് എവിടേക്കോ പായുന്നു. തന്റെ വീഴ്ച്ചകൾ പെരുത്തുവലുതാകുന്നതായി അവൾക്ക് തോന്നി. കുറ്റികാടുകളും, പുഴയിരമ്പലുകളും, നിറഞ്ഞ ഒരു കൊച്ചു ഗ്രാമത്തിലാണ് അവൾ വളർന്നത്. കണ്ണു ചിമ്മി തുറക്കുന്നത് ഏതോ ചവറ്റു കൊട്ടയിലായിരുന്നു. അലിവൂറുന്ന മുഖത്തോടെ താൻ ഉപേക്ഷിക്കപ്പെട്ടപ്പോഴും, കഠിനാധ്വാനത്തിന്റെ കൈയ്യുകൾ അവളെ താങ്ങി . 44-ാം വയസ്സിലും താൻ ഒരു കുട്ടിക്ക് ചൂടു നൽകുന്നു. ആ മനസ്സ് ഇരമ്പിക്കൊണ്ടേയിരുന്നു.

ബാല്യവും,കൗമാരവും,യൗവനവും മനുഷ്യനെ മാറ്റിമറിച്ചേക്കാം . 16-ാം വയസ്സിൽ അമ്മയോട് പറഞ്ഞു. അമ്മേ, എന്റെ കൂട്ടുകാരൊല്ലാം പല നിറത്തിലും പല സൈനിലുമുള്ള

ഉടുപ്പാണ് ധരിക്കുന്നത്. ഞാൻ മാത്ര മെന്താ പട്ടു പാവാട ധരിക്കുന്നത്? മോളെ ഈ പ്രായം വർണ്ണത്തിളപ്പിന്റെ താണ് . അതൊരു പക്ഷേ നിന്നെയും നിന്റെ പ്രായത്തേയും വല്ലാതെ ആകർഷിച്ചേക്കാം . മോഡേൺ വസ്ത്രങ്ങളിലില്ലെങ്കിലും
ന്റെ ഉണ്ണിമോള് സുന്ദരിയല്ലെ ? കരളലിയിപ്പിക്കുന്ന ചിരിയോട് കൂടി അവളൊന്നും മിണ്ടാതെ ഓടിയകന്നു . ദിവസവും കൂലിപ്പണി ചെയ്ത് വിയർപ്പിന്റെ മണമുള്ള പൈസത്തുട്ടുകൾ എണ്ണിക്കൊടുത്താണ് ഉണ്ണിമോളെ ആ അമ്മ പഠിപ്പിക്കുന്നത്. പല്ലവാകുലങ്ങൾ നീട്ടി ഈ മണ്ണിനെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നത് പോലെ, കോഴിക്കുഞ്ഞുങ്ങളെ ചിറകിനടിയിൽ ഒളിപ്പിച്ചുവെച്ച് കോഴിയമ്മ ചൂടുനൽകുന്നത് പോലെ ,വാർധക്യത്തിലും തന്റെ കീറിയ സാരിയും , വിറയ്ക്കുന്ന കൈത്തണ്ടകളും ഉണ്ണിമോളെ സംരക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഉണ്ണിമോളാകട്ടെ വർണത്തിളപ്പിന്റെ തീജ്വാലയിൽ ഉഷ്ണിച്ചൊഴുകുകയായിരുന്നു. അമ്മയുടെ കുളിരിപ്പുക്കുന്ന വാക്കുകൾ അവളെ സ്വാധീനിച്ചില്ല. കൂട്ടുകാരുടെ മുന്നിൽ അമ്മയെ അവൾക്ക് വികൃതരൂപിയായി തോന്നി . അങ്ങനെ അമ്മയുടെ വിയർപ്പുതുള്ളികൾ പതിച്ചു കിടക്കുന്ന ആ വീട്ടിൽ നിന്നും ആ സ്ത്രീയെ പുറത്താക്കി .

**കവിത**

## നിലാവ്

രജനിയിൽ കുളിരേകം നിലാവായ്
തൻ ചിന്തകളിൽ അറിവുണർത്തും പകലായ്
ഭുവനിയിൽ പുളരികൾ മടങ്ങി വരുമ്പോൾ
ഏകനായി ഞാനിന്നു പൂത്തുണരും
കാലം തന്ന സൃഷ്ടിയായ് പൂത്തുലയും രാത്രിയിൽ
പുഞ്ചിരിച്ചുകൊണ്ട് ആ കണി വരുമ്പോൾ
നിഴലായ് എന്നും കൂട്ടിരിക്കും
വെളിച്ചമെന്നിൽ ഉകും സ്വപ്നം
ഇരുട്ടായ് എന്നും ഓർക്കണം
എന്നും നമ്മൾ ഓർക്കും കനവുകൾ
നിലാവ് പൊഴിയും പോലെ
നീലഭസ്മം ചൂടിയെത്തും നിലാപൊയ്കയിൽ
കണ്ണുനീരിൽ ആണ്ടുപോകും ജീവിതാനുഭവം
ശൈത്യകാല രാത്രി പാട്ടും സ്നേഹഗാനങ്ങൾ
ആരും അതു കാണം എന്നും കൂട്ടായ്
തുടരുകയായ് പുതു ജീവനം
നിനവിന്റെ പൂക്കളായി തഴുകും പോലെ
നോക്കെത്താ ദൂരത്തായി നിന്നെ കാണുമ്പോൾ
ആ  പ്രകാശം എന്നിൽ തെളിയും നറുങ്ങുവെട്ടം

ഐശ്വര്യ ഓമനക്കുട്ടൻ

IX.A

## കവിത



# അമ്മ

## അമ്മയാണെൻ ജിവിതം

എൻ ജീവനായൊരു അമ്മ.........
ബാല്യകാലത്തിൽ കാലിടറാതെ എന്നെ കാത്ത എൻ അമ്മ.........
മരങ്ങളോടും സസ്യജാലങ്ങളോടും സംസാരിക്കുകയും,
അവയോട് അടുത്ത് ഇടപെടുന്ന എൻ അമ്മ.........
എന്റെ കണ്ണൊന്നു നനഞ്ഞാൽ എന്റെ അമ്മയുടെ ചങ്ക് പിടിക്കുമായിരുന്നു
അമ്മയാണെൻ ജിവൻ............
അമ്മതൻ എൻ ജിവൻ...........

ആർദ്ര പി.യു
9.എ

**യാത്രാവിവരണം**



## എൻെറ യാത്ര

ഡിസംബർ - 22 വൈകുന്നേരം സ്കൂളിൽ നിന്ന് പഠനയാത്ര ആരംഭിച്ച് ആദ്യം എത്തിച്ചേർന്നത് എറണാകുളത്ത് മെട്രോയിലായിരുന്നു. ഞങ്ങൾ തനിയെയായി ടിക്കറ്റുകൾ എടുത്തത്. മെട്രോയ്ക്കുള്ളിലെ വിവരസാങ്കേതികവിദ്യയെക്കുറിച്ച് വളരെ നന്നായി പഠിക്കാൻ പറ്റി. എറണാകുളത്തിന്റെ വർണകാഴ്ച്ചകൾ മെട്രോയിലിരുന്ന

കാണാൻ സാധിച്ചു. ആ യാത്ര ഒരു പുതിയ അനുഭവം തന്നെയായിരുന്നു. അവിടെ നിന്ന് ഏഴരയോടുകൂടി അടുത്ത യാത്ര ആരംഭിച്ചു. പിന്നീട് ഞങ്ങൾ പോയത് ചുരങ്ങളുടെ നാടായ വയനാട്ടിലേക്കാണ്. അതിമനോഹരമായ നാട്. ചുരത്തിന്റെയും അരുവികളുടെയും നിശബ്ദമായ സൗന്ദര്യം എന്നെ ആകർഷിച്ചു.

കുറുവാ ദ്വീപിലെ വനത്തിന്റെ നിഗൂഢമായ ഭംഗി എന്റെ മനസ്സിനെ കുളിരണിയിച്ചു. മുളകൊണ്ടുണ്ടാക്കിയ ചങ്ങാടത്തിലായിരുന്നു ഞങ്ങൾ യാത്ര ചെയ്തിരുന്നത്. തികച്ചും പ്രകൃതിയോട് ഇണങ്ങിയ ജീവിതമായിരുന്നു വയനാട്ടിലെ ആളുകളുടേത്. തികച്ചും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അവർ ഉപയോഗിക്കാറില്ല. അതിനുശേഷം ഞങ്ങൾ ബാണാസുരഡാമിലേക്ക് യാത്രതിരിച്ചു. വളരെ വിശാലമായിരുന്നു. ഡാമിൽ ചെന്നപ്പോൾ മഴ പെയ്തു. ആ മഴ ഞങ്ങളെ കുളിരണിയിച്ചു. പിന്നീട് ഞങ്ങൾ യാത്രതിരിച്ചത് ഊട്ടിയിലേക്കാണ്. രാത്രി മുഴുവനും ബസ്സിൽ തന്നെയായിരുന്നു യാത്ര. അവിടെ ചെന്നപ്പോൾ മാമരം കോച്ചുന്ന തണുപ്പായിരുന്നു. കൈയും കാലും മരച്ച് ഇരിക്കുകയായിരുന്നു. ബൊട്ടാണിക്കൽ ഗാർഡനിലേക്കാണ് അവസാനമായി പോയത്. അവിടെ മാർക്കറ്റിൽ നിന്ന് ഒരുപാട് സാധനങ്ങൾ വാങ്ങിച്ചു. ഒരു പുതിയ അനുഭവമായിരുന്നു.

ഐശ്വര്യ സജി, 10.ബി

**കവിത**

## പ്രകൃതി മനോഹരി



പുതുമഞ്ഞുവിരിയുമാരാവിന്റെ ചില്ലയിൽ

പുതുരാഗമണയുവാൻ കോർക്കുന്ന മാരുതൻ

നുണയുന്ന ഗന്ധമാ നിശ്വാസമാകവേ

കുസുമങ്ങൾ പുലരിയെ വരവേൽക്കും വേളയിൽ

കളകളമോതിയൊഴുകുന്നയരുവിതൻ

പുഷ്പമാല്യം വാങ്ങിവിടവാങ്ങും നീർത്തുള്ളി

ഖേദമില്ലാതെ നീങ്ങിത്തുടങ്ങവേ

കുങ്കുമപ്പൊട്ടെന്ന ശോഭപോലാകവേ

ഉദയത്തിനെത്തുമീയാദിത്യനും ,-

പച്ചപ്പട്ടാടയുടുത്തൊരീ നെൽ

വയലാകവേ ഹരിതകം പൂശിത്തിളങ്ങിനിന്നു

നീണ്ടു നിവർന്നു നിരന്നു നിലകൊള്ളും

കുറ്റൻ മലകളും ,താളവും,രാഗവും

ഇല്ലിത്തണ്ടു മുളക്കും  വഴികളുമെ

ന്നുള്ളിലെന്നും കുളിരു പകർന്നു

രത്നകിരീടം ചൂടി നിരന്നൊരു

നറുപുൽനാമ്പുകളെന്നു നിരക്കും

**ദേവികാ സുരേഷ്**

VIII C

**തേൻമൊഴി മലയാളം**

## ആസ്വാദനക്കുറിപ്പ്

**ശ്രേഷ്ഠഭാഷ**


അഖില എസ് എഴുതിയ ശ്രേഷ്ഠഭാഷ എന്ന കവിത, മലയാളം ഭാഷയുടെ മാഹാത്മ്യതയും സൗന്ദര്യത്തേയും എടുത്തുകാണിക്കുന്നു.ഹരിത സുരഭിയും കേരളത്തെ തൊട്ടുണർത്തിയ ഒരു ഭാഷയായി മലയാളം ഇന്നും നിലകൊള്ളുന്നു എന്ന് കവിതയുടെ തുടക്കം തന്നെ സൂചിപ്പിക്കുന്നു. മലയാള ഭാഷയുടെ മനോഹാരൃതയേയും സൗന്ദര്യത്തേയും വളരെ തൊട്ടറിഞ്ഞ് എഴുതിയ ഒരു കവിതയാണിത്.ഈ കവിതയിൽ മലയാള ഭാഷയെ ശ്രേഷ്ഠ ഭാഷ എന്ന് കവയത്രി സൂചിപ്പിക്കുന്നു.മലയാള നാട്ടിൽ ജനിച്ച് മലയാളിയായി വളർന്ന ഒരുവന്റെ മനസാകുന്ന കൊട്ടാരത്തിൽ ഇരുന്നരുളുന്ന ഒരേയൊരു ഭാഷയാണ് മലയാളം.

കവിതയിൽ മളയാള ഭാഷയെ ഉഷസിന്റെ പ്രാണമിത്രമായും ക്ഷീരസാഗരത്തിൽ  കുങ്കുമം നിരക്കുന്ന

കുങ്കുമമായും സപ്തസ്വര സാഗരങ്ങളായും അനന്തമായുള്ള അറിവായും സൂചിപ്പിക്കുന്നു.മലയാളികളുടെ മനസ്സിന്റെയാമരത്തിൽ നിറയും അനന്തമായ അറിവിന്റെ വാക്കായ് ,ഉയിരിന്റെ ഉയിരായ് ഉലികതുമ്പത്ത് വർണ്ണങ്ങൾ തീർക്കുന്ന ഭാഷയാണ് മലയാളികളുടെ മലയാളം എന്നാണ് ഈ കവിത സൂചിപ്പിക്കുന്നത്.ചൈതന്യത്തിന്റെ അണയാത്ത ജ്യോതിയാണ് മലയാള ഭാഷ.കവിത നമ്മെ മലയാള ഭാഷയെകുറിച്ചുള്ള അതി മനോഹരമായ വർണനയിലേക്കാണ് നയിക്കുന്നത്.അഖില എസിന്റെ ശ്രേഷ്ഠ ഭാഷയെന്ന കവിത മലയാള ഭാഷയെ ഒരു യധാർഥ ശ്രേഷ്ഠ ഭാഷയെന്ന് വിളിച്ചോതുന്നു. നമുക്ക് ശാന്തമായി ഉപയോഗിച്ച് ചെറുകഥകൾ നോവലുകൾഎന്നിവയുണ്ടാക്കാം.എന്നാൽ അതിനെയൊരു തീജ്ജ്വാലയാക്കിയാൽ അത് കത്തിപ്പടർന്ന് ലേഖനങ്ങളും രാജ്യ ദ്രോഹമായി കരുതപ്പെടുന്ന വലിയ വലിയ കത്തുകളും ആയിത്തീരും. വായന ഒരു ദീപമാണെങ്കിൽ അതിന് എണ്ണയിടുന്നത് ഭാഷയാണ്.ഈ കവിത മലയാള ഭാഷയെ അഭിമാനപൂർവ്വം വിളിച്ചോതുന്നു. അത് ഓരോ മലയാളിയുടെ ഹൃദയത്തിൽ വായനയിലൂടെ പതിപ്പിക്കപ്പെടണം.

ഗോപികൃഷ്ണൻ .വി.എ

**കഥ**



## ഭൂമിയിലെ സ്വർഗ്ഗം

കുന്നിൻ ചെരിവ്  അതിമനോഹരമായ ഒരു പ്രദേശം,സന്തോഷത്തോടെ ശാന്തിയോടെ തങ്ങളുടെ ഭവനങ്ങളിൽ വസിക്കുന്ന ജനങ്ങൾ. ഗ്രാമത്തിന്റെ പിറകിലായി പച്ചവിരിച്ച പാടങ്ങൾ .കുറച്ചകലെയായി വിശാലമായ പുഴ .അതിന്റെ ഒഴുക്കിന്റെ രാഗം ഏവരേയും ആനന്ദത്തിലാക്കുന്നു.    ജനങ്ങൾ പരസ്പരം ഒത്തൊരുമയോടുകൂടി ജീവിക്കുന്നതിനാൽ അവിടെ ഒന്നിനും ഒരു കുറവുണ്ടായിരുന്നില്ല.ആ പ്രദേശം കണ്ടാൽ ലോകത്തിലെ ഏറ്റവും സുന്ദരമായ മറ്റൊരു  ഇടമില്ല എന്നു തോന്നിപ്പോകും.അവിടെയില്ലാത്ത പൂക്കളില്ല.അവിടുള്ള അത്ര ശുദ്ധമായ ഫലങ്ങൾ വേറെവിടേയും കിട്ടില്ല.അവിടെയുള്ളവർക്ക് സാധനങ്ങൾ മറ്റും വാങ്ങാനായി ചില നല്ല കടകൾ,തുണിക്കടകൾ തുടങ്ങിയവയും ഉണ്ടായിരുന്നു.

അങ്ങനെ ശാന്തിയോടെ ജീവിച്ച ഒരു രാത്രി,തങ്ങൾക്കു വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ചറിയാതെ സുഖനിദ്രയിലായിരുന്ന ഗ്രാമീണർ. ഒരൊറ്റ നിമിഷംകൊണ്ട് എല്ലാം മാറി മറിഞ്ഞു.അപ്പോൾ അവരെ ദൈവം പോലും കൈവിട്ടു എന്ന് തോന്നിപ്പോകും.ഇളം കാറ്റടിച്ചുകൊണ്ടിരിക്കുന്നു.അവിടെ ഭികരതയുടെ കൊടുംകാറ്റ് വീശാൻ തുടങ്ങി.അതിന്റെ ശക്തിയാൽ മരങ്ങളെ ഭൂമിയിൽ നിന്നും പിഴുതെറിഞ്ഞു. ഇടിമിന്നലോടുകൂടിയ മഴ അവിടെ തിമിർത്തു

പെയ്തു.ആ ഇടിയിലും മഴയിലും ആ ഗ്രാമം നടുങ്ങിവിറച്ചു.എല്ലാവരുടേയും ഉള്ളിൽ ഭീതിയായി.ചിലർ ഉറക്കെ കരഞ്ഞു പക്ഷേ മഴക്ക് അവരോട് അലിവ് തോന്നിയില്ല.നദിയിൽ നിന്ന് വെള്ളം കയറിവന്നുകൊണ്ടിരുന്നു.അതിന്റെ ശബ്ദത്തെ അവർ വെറുത്തു.പലയിടത്തും ഉരുൾപൊട്ടി,പലവീടുകളും വെള്ളത്തിനടിയിലായി.തങ്ങളുടെ വേണ്ടപ്പെട്ടവർ വെള്ളത്തിൽ ഒഴുകിപോകുന്ന കാഴ്ച അവർക്ക് കണ്ടു നിൽക്കാനെ കഴിഞ്ഞുള്ളു. മൂന്നാം ദിവസം സൂര്യൻ അവരുടെ ഗ്രാമത്തിലേയ്ക്ക് വരാൻ മടിച്ചു. വെറും മൂന്നു ദിവസം കൊണ്ട് ആ ഗ്രാമത്തിന്റെ കാൽ ഭാഗം വെള്ളത്തിലായി.എങ്കിലും അവർ അവരുടെ വിശ്വാസം കൈവിട്ടില്ല. അവർ ഉള്ളുരുകി പ്രാർത്ഥിച്ചു.ദൈവത്തിന് അവരുടെ പ്രാർത്ഥന കേൾക്കാതിരിക്കാൻ കഴിഞ്ഞില്ല.അവിടെ വീണ്ടും സൂര്യനുദിച്ചു.അത്ഭുതം ഒരുദിവസം കൊണ്ട് അവിടെയുള്ള വെള്ളമെല്ലാം ഇറങ്ങി.ഗ്രാമം ശാന്തമായി.ഈ സംഭവത്തിൽ അവർക്ക് പ്രകൃതിയോടുള്ള ഇഷ്ടം കുറഞ്ഞെങ്കിലും അവർ അതിനെ വെറുത്തില്ല.എല്ലാവരും ഒരുമിച്ച് നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകൊണ്ടുവരാൻ തീരുമാനിച്ചു. അവർ ദൈവത്തെ ഓർത്ത് ജോലി ആരംഭിച്ചു.രാവും പകലും വിശ്രമിക്കാതെ അവർ ജോലി ചെയ്തുകൊണ്ടിരിന്നു. അവരുടെ ലക്ഷ്യം സുന്ദരമായ ഗ്രാമം മാത്രമായിരുന്നു.വെറും ഒരുമാസംകൊണ്ട്  അവരുടെ ഗ്രാമത്തെ പണ്ടത്തെക്കാൾ സുന്ദരമായിത്തീർന്നു.ഇപ്പോൾ ആ സ്ഥലം കണ്ടാൽ പ്രപഞ്ചത്തിലെ സ്വർഗ്ഗമാണെന്നേ പറയൂ. അവർക്ക് ആഹ്ലാദം അടക്കാനായില്ല അവർ അത്യന്തം സന്തോഷിച്ചു.

ഈ പ്രളയത്തിന്റെ വാർത്ത വൈകിയാണ് നഗരത്തിൽ എത്തിയത്.കേട്ടയുടനെ പല ഉദ്യോഗസ്ഥർ ഒട്ടേറെ ആനുകൂല്യങ്ങളുമായി മടിച്ചു

മടിച്ചു അവിടേയ്ക്ക് എത്തി.ആ ഗ്രാമം കണ്ട് അവർ സ്തംഭിച്ചുനിന്നുപോയി. ഇവിടെത്തന്നെയാണോ പ്രളയം വന്നതെന്ന് അവർ സംശയിച്ചു.അപ്പോൾ ഗ്രാമത്തിലെ നന്മയുള്ള മനുഷ്യർ അവിടേയ്ക്ക് വന്ന് അവരെ സന്തോഷത്തോടെ സ്വികരിച്ചു.തങ്ങൾക്ക് സംഭവിച്ച ദുരന്തത്തെക്കുറിച്ചും പിന്നീടുണ്ടായ മാറ്റത്തെക്കുറിച്ചും വിശദമായി പറഞ്ഞു കേൾപിച്ചു.ചിലപ്പോഴെക്കെ രണ്ടു മൂന്നു പേരുടെ കണ്ണിൽ നിന്നും അവരറിയാതെ കണ്ണീർ പൊടിയുന്നുണ്ടായിരുന്നു. അവരുടെ കഥ കേട്ടപ്പോൾ ജനങ്ങളുടെ നന്മയെയും കഠിനാധ്വാനത്തെയും ഉദ്യോഗസ്ഥർ ഏറെ ആദരിച്ചു.വൈകാതെ അവരുടെ വാർത്ത നാട്ടിലെങ്ങുമെത്തി.ആ ഗ്രാമത്തെ നേരിൽ കാണാൻ മിക്കവരും ആഗ്രഹിച്ചു.കുറേപേർ ഒട്ടേറെ ആനുകൂല്യങ്ങളും സമ്മാനങ്ങളുമായി ആ ഗ്രാമത്തിൽ എത്തി.ഇതുവരെ തിരിഞ്ഞു നോക്കാതെ എല്ലാം അവസാനിച്ചപ്പോൾ വന്ന ആ മനുഷ്യരോട് ഒരു ദേഷ്യവും കാണിക്കാതെ ആ ഗ്രാമത്തിലെ ജനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചു.പക്ഷേ സൗജന്യമായി കിട്ടുന്നതൊന്നും തങ്ങൾക്ക് വേണ്ടെന്ന് അവർ വാശിപിടിച്ചു.പക്ഷേ സഞ്ചാരികളുടെ സമ്മാനങ്ങൾ സ്വീകരിച്ചിട്ട് തങ്ങളുടെ മധുരമൂറുന്ന പഴങ്ങൾ നല്കി.ഇത്രയും ശുദ്ധവും,രുചിയുള്ള പഴങ്ങൾ കഴിച്ചിട്ടില്ലെന്നും ഈ പഴങ്ങളിൽ ഗ്രാമീണരുടെ സ്നേഹവും അധ്വാനവും കലർന്നിട്ടുണ്ടെന്ന് സഞ്ചാരികൾ പറഞ്ഞു.ഗ്രാമീണർക്ക് സന്തോഷമായി തങ്ങളുടെ ഗ്രാമം ഇപ്പോൾ വളരെ നന്നായി കാണപ്പെട്ടു,അവർ ദൈവത്തിനു നന്ദി പറഞ്ഞു.

വന്ദന വിനോദ്

IX C

**കവിത**

## സ്നേഹം

സ്വച്ഛമാം നിദ്രയിൽ കണ്ണിനെ
കുളിർപ്പിക്കുന്ന
സ്വപ്നമായ് തീരുന്ന സ്നേഹം അമ്മ
സുഖത്തിൽപു ഞ്ചിരിയായ്
ദുഃഖത്തിൽ
സ്നേഹകണമായ് മാറുന്ന സ്നേഹം_
പാരിന്റെ നന്മയായ് തീരുന്ന സ്നേഹമാം അമ്മ
വീടിൻ വിളക്കായ് നാടിന്റെ വിളക്കായ്
മാറുന്ന സ്നേഹം അമ്മ
ഒരു ദിനത്തിൻ  ആരംഭത്തിലേക്ക് നമ്മെ
നയിക്കുന്ന സ്നേഹം അമ്മ
വാനത്തിൽ തിളങ്ങുന്ന നിലാവിൻ വെണ്മയും
മഞ്ഞിൽ വസിക്കുന്ന പൂവിൻ
നിഷ് കളങ്കതയും ഒത്തൊരുമിക്കുന്ന ദേവിയാണമ്മ.
തണലായ് നിഴലായ്ജീവിതത്തിൽ
ഉടനീളം കാണുന്ന സത്യമാണമ്മ
ഇരുട്ടിൽ വെളിച്ചമായ്,വെളിച്ചത്തിൽ
അവയുടെ ഉത്ഭവമായും തീരുന്ന സ്വപ്നമാണമ്മ.
കൈക്കുഞ്ഞായി പിറന്ന നാൾ മുതൽ
തണലായ് സംരക്ഷകയായ് തീർന്ന അമ്മ
ദുഃഖത്തിൽ
ചേർത്തു പിടിച്ച് എന്റ കൂടെ വിതുമ്പിയ കിനാവാണമ്മ
നൈമിഷികമായ് ജീവിതത്തിൽഅനശ്വരമായ്
നിലനിൽക്കുന്ന സത്യമാണമ്മ.

അയന .എസ്

9 A

9 A